# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.1695/26/VIG

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
17/02/2026

## സർക്കുലർ

വിഷയം:- ദേവസ്വങ്ങളിൽ ഇൻസ്പെക്ഷൻ ഡയറി പരിപാലിക്കുന്നത് സംബന്ധിച്ച്.

സൂചന:- ദേവസ്വം ബോർഡ് ആഫീസിലെ 22/01/2026-ലെ ROC.12708/25/Vig നമ്പർ കത്ത്.

ദേവസ്വം ബോർഡിന്റെ പരിശോധനാ ഉദ്യോഗസ്ഥർ ദേവസ്വം, ആഫീസ് എന്നിവിടങ്ങളിൽ പരിശോധന നടത്തുന്ന സമയങ്ങളിൽ കാണപ്പെടുന്ന അപാകതകൾ രേഖപ്പെടുത്തുന്നതിനും, പരിശോധനാ ഉദ്യോഗസ്ഥന്റെ അഭിപ്രായം രേഖപ്പെടുത്തുന്നതിനും ഇൻസ്പെക്ഷൻ ഡയറി പരിപാലിക്കേണ്ടതാണ്. എന്നാൽ പല ദേവസ്വങ്ങളിലും ഇൻസ്പെക്ഷൻ ഡയറി പരിപാലിച്ച് കാണുന്നില്ല എന്ന് വിജിലൻസ് വിഭാഗത്തിന്റെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

ആകയാൽ ബോർഡിന് കീഴിൽ വരുന്ന എല്ലാ ആഫീസുകളിലും, ദേവസ്വങ്ങളിലും (കീഴ്ശാന്തി ദേവസ്വങ്ങൾ ഉൾപ്പെടെ) ഇൻസ്പെക്ഷൻ ഡയറി കൃത്യമായി പരിപാലിക്കേണ്ടതും അന്വേഷണ ഉദ്യോഗസ്ഥന് ലഭ്യമാകുന്ന വിധത്തിൽ സൂക്ഷിക്കേണ്ടതുമാണെന്ന വിവരം അറിയിക്കുന്നു.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
3. ഐ.ടി സെക്ഷൻ
4. സെക്ഷൻ ഫയൽ

AR